# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-ALP-P-12/653/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-12/653/2022 തീയ്യതി: 03/07/2022

## ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-05-2022 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.ആർ.ശ്രീദേവി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി. രഞ്ജു പ്രകാശ്,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി.പ്രീത, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എ.വി.രഞ്ജിത്ത് | പ്രസിഡന്റ് | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആർ.ശ്രീരാജ് | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.സജിത വി.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.നിഷ.എൻ.ടി | മെഡിക്കൽ ഓഫീസർ, (ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.കവിത.വി.എസ് | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.മാധുരി.ജി. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.സാഹിനി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.വസന്തകുമാരി | എച്ച്.എം,ഗവ.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.ബീന ശ്രീകുമാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.മാള. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 01-04-2020 | 30-06-2020 |
| ഡോ.വിദ്യ എസ്.നായർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 01-02-2021 | 31-03-2021 |
| ഡോ.നമിത.എസ്. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 01-09-2020 | 31-01-2021 |
| ഡോ.വിദ്യ എസ്.നായർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 01-02-2021 | 31-03-2021 |
| അപ്പൻ.വി.ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-12-2020 |
| ശ്രീ,എൻ.ഹരികുമാർ | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ജയരാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-2 |
| 3 | വാർഷിക കണക്ക് -അപാകതകൾ<br>Written By: Renju Prakash (Senior Grade Auditor, On 30-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Elsamma (Audit Officer, On 31-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Renju Prakash (Senior Grade Auditor, On 30-05-2022)<br>Last Updated By: Elsamma (Audit Officer, On 02-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Preetha (Auditor, On 31-05-2022)<br>Last Updated By: Preetha (Auditor, On 01-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-9 |
| 11 | മൊബൈൽ ടവർ വസ്തുനികുതി -കുടിശ്ശിക ഈടാക്കണം<br>Written By: Preetha (Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 24-06-2022) | 1-10 |
| 12 | വസ്തു നികുതി -ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു<br>Written By: Preetha (Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Preetha (Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-12 |
| 14 | ഇ-ടെണ്ടർ ഫീസ്<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-13 |
| 15 | ഇ-പേയ്മെന്റ് അക്കൗണ്ടിൽ തുക നിലനിൽക്കുന്നു - പലിശ വരുമാനം ലഭിക്കുന്നില്ല<br>Written By: Renju Prakash (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-14 |
| 16 | ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല<br>Written By: Preetha (Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-15 |
| 17 | ഐ.കെ.എം.വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം | 1-16 |

| | | |
|---|---|---|
| | ലഭ്യമാക്കിയിട്ടില്ല<br>Written By: Sreedevi.R (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | |
| 18 | പാലിന് സബ്സിഡി അധിക നിരക്കിൽ നൽകി<br>Written By: Preetha (Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-17 |
| 19 | രേഖകൾ ഹാജരാക്കിയില്ല<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-18 |
| 20 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-19 |
| 21 | സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-20 |
| 22 | ക്വട്ടേഷൻ വിവരങ്ങൾ ഹാജരാക്കിയില്ല.<br>Written By: Preetha (Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-21 |
| 23 | ന്യൂട്രിമിക്സിന്റെ ഗുണനിലവാര പരിശോധന - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Renju Prakash (Senior Grade Auditor, On 30-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-22 |
| 24 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് - പാലിയേറ്റീവ് കെയർ പദ്ധതി-മരുന്ന് ലഭ്യമായില്ല, 199000/-തടസ്സപ്പെടുത്തുന്നു<br>Written By: Preetha (Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 23-06-2022) | 1-23 (1) |
| 25 | മരുന്ന് ലഭ്യമായില്ല,ചെലവ് രേഖകൾ ഹാജരാക്കിയില്ല-544982/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Preetha (Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 23-06-2022) | 1-23 (2) |
| 26 | ഉപയോഗിക്കാത്ത പൊതുടാപ്പുകളുടെ വാട്ടർചാർജ്ജ്- ഗ്രാമപഞ്ചായത്തിന് വൻബാദ്ധ്യത<br>Written By: Sreedevi.R (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 23-06-2022) | 1-24 |
| 27 | MGNREGS മുഖേന നിർവ്വഹണം നടത്തിയിട്ടുള്ള വിവിധ പ്രവർത്തികൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നില്ല<br>Written By: Sreedevi.R (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 23-06-2022) | 1-25 |
| 28 | ഓഡിറ്റ് ഇംപാക്റ്റ് ,രസീത് പരിശോധന- കളക്ഷൻതുകയിലെ കുറവ് തിരികെ അടച്ചു<br>Written By: Preetha (Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 23-06-2022) | 1-26 |
| 29 | കോവിഡ്-അവലോകനം<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 23-06-2022) | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പാലിന് സബ്സിഡി അധിക നിരക്കിൽ നൽകി<br>Written By: Preetha (Auditor, On 01-06-2022) | 3-1 |

| | | |
|---|---|---|
| | Last Updated By: Rajeev R (Deputy Director, On 23-06-2022) | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 23-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 23-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Elsamma (Audit Officer, On 31-05-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 23-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Elsamma (Audit Officer, On 31-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 23-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 24-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 23-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 02-07-2022) | 4-9 |
| 10 | തീർപ്പാക്കവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Elsamma (Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 24-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

06/03/2020 തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 183169258/- | 168020122/- |
| വാർഷികകണക്ക് പ്രകാരം | 136468589/- | 135972772/- |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 23.04.2021 |

## 1-2-1 വാർഷിക കണക്ക് -അപാകതകൾ

1.സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രിക പ്രകാരം, നിക്ഷേപ പ്രവൃത്തികൾക്കായി തൻവർഷം കെ എസ് ഇ ബി ലേയ്ക്ക് 387773/- രൂപയും കേരള വാട്ടർ അതോറിറ്റിയിലേക്ക് 13,00,000/- രൂപയും ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലേയ്ക്ക് 9,00,00/- രൂപയും നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ, ടി തുകകളുടെ വിവരം Schedule - B18ൽ ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. (ടി തുകകളുടെ വിനിയോഗ സാക്ഷ്യപ്പത്രവും ലഭ്യമല്ല)

2.ഡി.സിബി (തനത് ഫണ്ട്) (അക്കൌണ്ട് നം. 40101009000118) എന്ന അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ CHEQUE DEPOSITED BUT NOT COLLECTED എന്നതിന് താഴെപ്പറയുന്ന ചെക്കുകൾ കാലാവധി (3 മാസം) കഴിഞ്ഞതാണെന്ന് കാണുന്നു.

| ചെക്ക് നം., തീയതി | തുക |
|---|---|
| 1087532/29.09.2020 | 6250 |
| 8951840/29.09.2020 | 1250 |
| 2856654/22.09.2020 | 3750 |

കാലാവധിയ്ക്കുള്ളിൽ കളക്ട് ചെയ്യപ്പെടാത്ത ചെക്കുകൾക്ക് നൽകിയിരിക്കുന്ന രസീത് ക്യാൻസൽ ചെയ്ത് തുക അരിയർ ബാലൻസായി AFSൽ ഉൾപ്പെടുത്തേണ്ടതാണ്.

3. SUPPLIERS SECURITY DEPOSIT എന്ന ഇനത്തിലെ 2019-20 വർഷത്തെ AFS പ്രകാരമുള്ള CB-296796- *രൂപയാണ്. രജിസ്റ്റർ പ്രകാരം തൻവർഷത്തെ OB - 274296/-*രൂപയാണ്. കൂടാതെ, ടി ഹെഡിൽ (കോഡ് നം. 340100202) വാർഷിക കണക്ക് പ്രകാരമുള്ള വരവ് താഴെ കൊടുക്കുന്നു.

| | |
|---|---|
| OB (മുൻവർഷത്തെ B7) | 296796 |
| വരവ് (RP34 DeposIt Received ) | 14250 |
| ആകെ | 311046 |
| ചെലവ് (RP34 DeposIt Received ) | 234650 |
| CB | 53896 |

4. വാർഷിക കണക്കിലെ വസ്തുനികുതി സഞ്ചയ പ്രകാരമുള്ളതുമായി പൊരുത്തപ്പെടുന്നില്ല.

5. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011, പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2019-20 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി)റൂൾ 62(2)(എഫ്)പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

സി)റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

6. തെരഞ്ഞെടുപ്പ് ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 81,661/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചുവെങ്കിലും ആയത് തനത് ഫണ്ടിലേക്ക് റീ-ക്ലപ്പ് ചെയ്യാതെ 320700404 എന്ന ലയബിലിറ്റി ഹെഡിൽ ജോയിന്റ് വെഞ്ച്വർ പ്രോജക്ടിന്റെ കൂടെ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു.

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാലങ്ങളിൽ ആർജ്ജിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്വെയറിലേക്ക് മാറുന്നതിന് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ്വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/ ത.സ്വ.ഭ.വ തീയതി: 26.07.2011) നടപ്പാക്കിയിട്ടില്ല. 2020-21 ലെ ആസ്തി രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം (നം. 8/27.05.2022) നല്കിയതിനെ തുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിച്ച് വാർഷിക കണക്കുകൾ സമർപ്പിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7854037 |
| വരവ് | 68289213 |
| ആകെ | 76143250 |
| ചെലവ് | 67563903 |
| നീക്കിയിരിപ്പ് | 8579347 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ഉറവിടത്തിൽ കുറവ് ചെയ്തു ഉൾപ്പെടെ) (എ.സി.ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11932875 | 11932875 | 3172721 | 8760154 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 3290000 | 3290000 | 146509 | 3143491 | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 105000 | 105000 | - | 105000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8606000 | 8606000 | - | 8606000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3456681 | 3456681 | . | 3456681 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 4650000 | 4650000 | - | 3509520 | 1140480 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (Un-tied) | 0 | 9277653 | 9277653 | - | 7802968 | 1474685 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 132 | 86514732 | 103 | 50529441 | 19 | 10 | 78.03 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11320 | 326793 | 338113 | 323000 | 15113 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 32479724 | 32479724 | 32479724 | _ |
| ആകെ | 11320 | 32806517 | 32817837 | 32804724 | 15113 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 117360 | 96 |
| കർഷകതൊഴിലാളി പെൻഷൻ | 3202900 | 263 |
| വിധവാപെൻഷൻ | 12629600 | 921 |
| വാർദ്ധക്യകാലപെൻഷൻ | 21727900 | 2022 |
| വികലാംഗപെൻഷൻ | 4118300 | 282 |
| അവിവാഹിത പെൻഷൻ | 496500 | 43 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.5.2022 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3600/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. കരാർ അടിസ്ഥാനത്തിൽ ജോലിനോക്കുന്ന തൊഴിലുറപ്പ് വിഭാഗം ജീവനക്കാരുടെ സേവന പുസ്തകം പരിപാലിയ്ക്കപ്പെടുന്നില്ല .

3. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

5. പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

6. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പ്രോജക്ട് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു

## 1-10 മൊബൈൽ ടവർ വസ്തുനികുതി -കുടിശ്ശിക ഈടാക്കണം

ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള 3 മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നുള്ള വസ്തുനികുതി കുടിശ്ശികയാണ്. 2013-14 മുതൽ 2019-20 വരെ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവർ | കെട്ടിട നമ്പർ | റിമാർക്സ് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | 3/395 A | 2019 രണ്ടാം അർദ്ധ വർഷം മുതൽ 2021-22 വരെ | 21420 |
| 2 | റിലയൻസ് | 3/399 A | 2013-14<br>2021-22 വരെ | 322164 |
| 3 | ബി.എസ്.എൻ.എൽ | 8/ 538 A | 2020 രണ്ടാം അർദ്ധ വർഷം മുതൽ 2021-22 വരെ | 23625 |
| | ആകെ | | | 367209 |

വസ്തുനികുതി കുടിശികയായി അവശേഷിക്കുന്ന 367209/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി -ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു

100 $M^2$-ന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൌൺ എന്നീ ഗണത്തിൽ ഉൾപ്പെടുത്തേണ്ട താഴെ കൊടുത്തിട്ടുള്ള കെട്ടിടത്തെ 100 ചതുരശ്രമീറ്റർ വരെയുള്ള തറവിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.

| കെട്ടിട ഉടമയുടെ പേരും മേൽവിലാസവും | വാർഡ്/ കെട്ടിട നം. | തറ വിസ്തീർണ്ണം ($M^2$) |
|---|---|---|
| കൃഷ്ണദാസ്/ഗീത<br>തോപ്പിൽ മഠം, കണ്ടല്ലൂർ തെക്ക് | 665 | 48.07$m^2$ |
| | 665/A | 20$m^2$ |
| | 665/B | 20.76 $M^2$ |
| | 665/C | 20 $M^2$ |
| | 665/D | 16.1$m^2$ |
| | ആകെ | 124.93$m^2$ |
| | | |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് ന്വേഷണത്തിന് (നം.21/30.5.22)നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഈടാക്കാമെന്നാണ് മറുപടി ലഭ്യമാക്കിയത്. അപാകത പരിഹരിച്ച് ഓരോ കെട്ടിടത്തിന്റേയും വിവരങ്ങൾ ഫാറം-6 ൽ രേഖപ്പെടുത്തി നികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയില്ല.

*1.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന അംഗീകൃത കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.*

2.സ്ഥാപന നികുതി

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കൊശമറ്റം ഫിനാൻസ് | 1&2 |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് | 1&2 |
| 3 | കോമളത്ത് ഫിനാൻസ് | 1&2 |
| 4 | കണ്ടല്ലൂർ ക്ഷീരോൽപാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ62(ഡി) ആപ്കോസ് | 1&2 |
| 5 | കണ്ടല്ലൂർ വടക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ126(ഡി)ആപ്കോസ് | 1&2 |
| 6 | പുതിയവിള ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ52(ഡി) | 1&2 |
| 7 | പുതിയവിള വടക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ67(ഡി) | 1&2 |
| 8 | കീരിക്കാട് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ67(ഡി)ആപ്കോസ് | 1&2 |
| 9 | കണ്ടപ്പുറം ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ231(ഡി)ആപ്കോസ് | 1&2 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(16/30.5.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ ഫീസ്

ഗ്രാമ പഞ്ചായത്ത് 2020-21 വർഷം ഇ-ടെന്റർ മുഖേന നടപ്പിലാക്കിയ 15 മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ ലഭിച്ച 51,892/-രൂപ. എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് എൻ.ഐ.സി മുഖേന ഓൺലൈനായി ക്രെഡിറ്റ് വന്ന തുക മുൻവർഷങ്ങളിലേതുൾപ്പെടെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-14 ഇ-പേയ്മെന്റ് അക്കൗണ്ടിൽ തുക നിലനിൽക്കുന്നു - പലിശ വരുമാനം ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ഇ-പേയ്മെന്റിന് ഉപയോഗിക്കുന്ന എസ്.ബി.ഐ, കണ്ടല്ലൂർ ശാഖയിലെ 3699811054 നമ്പർ കറണ്ട് അക്കൗണ്ടിൽ 2019-20, 2020-21 വർഷങ്ങളിലെ വർഷാന്ത്യത്തിലെ ക്ലോസിങ്ങ് ബാലൻസ് തുക ചുവടെ ചേർക്കുന്നു.

| വർഷം | ക്ലോസിങ്ങ് ബാലൻസ് തുക |
|---|---|
| 2019-20 (31.3.2020) | 141330 |
| 2020-21 (31.3.2021) | 387726 |

ടി അക്കൗണ്ട് കറണ്ട് അക്കൗണ്ട് ആയതിനാൽ പലിശ വരുമാനം ലഭിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം. 9, തീയതി - 27.05.22) കറന്റ് അക്കൌണ്ട് തുടങ്ങുവാൻ സർക്കാർ നിർദ്ദേശം ഉണ്ടായതിനെ തുടർന്നാണ് ഇപ്രകാരം ചെയ്തത് എന്നാണ്. പ്രസ്തുത തുകയ്ക്ക് പലിശ ലഭിക്കത്തക്ക രീതിയിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് പലിശ വരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്യിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻഐ.ഡി | മരിച്ച തീയതി | പെൻഷൻതരം/ഐഡി /അക്കൌണ്ട് മോഡ് | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| അഹമ്മദ്പിള്ള | 104930200990 | 2.3.2020 | വാർദ്ധക്യകാല പെൻഷൻ/SBI,a/c 6724119209 | 4/2020-5/2022 | 38900 |
| പുരുഷോത്തമൻ.കെ | 104930201098 | 7.3.2020 | വാർദ്ധക്യകാല പെൻഷൻ/SBI,a/c 67303803644 | 4/2020-5/2022 | 31300 |
| ശാരദ.കെ | 104930201485 | 26.5.2020 | വാർദ്ധക്യകാല പെൻഷൻ/SBI,a/c 67257808723 | 6/2020-5/2022 | 28400 |
| ഹരീദ്രൻ.എസ് | 104930201834 | 4.10.2020 | വാർദ്ധക്യകാല പെൻഷൻ/Syn,a/c 4101220231833 | 11/2020-5/2022 | 29700 |
| ആകെ | | | | | 128300/- |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/30.5.22)പെൻഷൻ ഗുണഭോക്താക്കളുടെ അനന്തരാവകാശികൾ അനർഹമായി കൈപ്പറ്റിയിരിക്കുന്ന പെൻഷൻ തുകയായ 128300/-രൂപ തിരികെ ഈടാക്കുന്നതിനായി അനന്തരാവകാശികൾക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചവർക്ക് അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 128300/- അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-16 ഐ.കെ.എം.വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം - S 0001/21

പ്രോജക്റ്റിന്റെ പേര് - ഐ.കെ.എം. വിഹിതം നൽകൽ

അടങ്കൽ - 60000/- (വികസന ഫണ്ട്)

ചെലവ് വിവരം - 58255/- (ബിൽ നം.57/20-21 തീയതി.29.03.2021)

ഐ.കെ.എം. വിഹിതം നൽകൽ എന്ന പ്രോജക്റ്റിൽ 58255/- രൂപ പ്രസ്തുത ബിൽ പ്രകാരം ഇൻഫൊർമേഷൻ കേരളാ മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 58255/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 പാലിന് സബ്സിഡി അധിക നിരക്കിൽ നൽകി

എസ്0103/20 SO-പാലിന് സബ്സിഡി
നിർവഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ-80579/-(ബ്ലോക്ക് വിഹിതം)

ചെലവ്-80579/-

ബിൽ നം-7/ 19-20 തീയതി-20.5.2020-80579/-

പഞ്ചായത്ത് പരിധിയിലുള്ള 6 ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് മേൽസൂചിപ്പിച്ച ബില്ല് പ്രകാരം സബ്സിഡി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ

സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14.12.18 ലെ സ.ഉ(കൈ) നം22/18/തസ്വഭവ ഉത്തരവ് പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി നൽകാമെന്നാണ്(ക്ഷീര വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ) എന്നാൽ ഇതിന് വിരുദ്ധമായി പദ്ധതി പണത്തിൽ നിന്നുതന്നെ ലിറ്ററിന് 4രൂപ ക്രമത്തിൽ മുഴുവൻ സബ്സിഡിയും അനുവദിച്ച നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ

ബിൽ നം-7/19-20 തീയതി-20.5.2020-80579/-

| ക്രമ നമ്പർ | ക്ഷീരസംഘങ്ങൾ | പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം അളന്ന പാൽ (ലിറ്ററിൽ) | നൽകിയ തുക (സബ്സിഡി) | പദ്ധതിപണത്തിൽ നിന്നും ചെലവഴിക്കാവുന്ന തുക | പദ്ധതിപണത്തിൽ നിന്നും അധികം ചെലവഴിച്ച തുക (സബ്സിഡി) |
|---|---|---|---|---|---|
| 1 | കണ്ടല്ലൂർ ക്ഷീരോൽപാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ62(ഡി) ആപ്കോസ് | 8251*4 | 33004 | 24753 | 8251 |
| 2 | കണ്ടല്ലൂർ വടക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ126(ഡി) ആപ്കോസ് | 4082*4 | 16328 | 12246 | 4082 |
| 3 | പുതിയവിള ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ52(ഡി) | 4002*4 | 16008 | 12006 | 4002 |
| 4 | പുതിയവിള വടക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ67(ഡി) | 2492*4 | 9968 | 7476 | 2492 |
| 5 | കീരിക്കാട് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ67(ഡി) ആപ്കോസ് | 1431*4 | 5724 | 4293 | 1431 |
| 6 | കണ്ടപ്പുറം ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ231(ഡി) ആപ്കോസ് | 765*4 | 3060 | 2295 | 765 |
| | | | 80579/-(rounded) | 60434/- | 20145/- |

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ നിരക്കിലായതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വികസനഫണ്ടിൽ നിന്നും അധികമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.13/30.5.2022 നൽകിയതിന്, തൻ വർഷം ക്ഷീരവികസന വകുപ്പിൽ നിന്നും ഫണ്ട് ലഭിക്കാത്തതിനാലാണ് വികസന ഫണ്ടിൽ നിന്ന് സബ്സിഡി നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. അധികമായി നൽകിയ 20,145/-രൂപ തിരികെ ഒടുക്കി അറിയിക്കേണ്ടതാണ്.

## 1-18 രേഖകൾ ഹാജരാക്കിയില്ല

1.പ്രോജക്റ്റ് നം.136/20-21 പട്ടികജാതി വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് നൽകൽ

വികസനഫണ്ട്(എസ്.സി.പി.)- 2,10,000

ചെലവ് 1,13,515(ബിൽ നം.3/2021/6.11.20)

എച്ച്.എം. നടപ്പിലാക്കിയ ടി പ്രോജക്ടിൽ പട്ടികജാതി വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് നൽകുന്നതിനു വേണ്ടി കേരള ഐ.റ്റി.മിഷനിൽ നിന്നും 5 ലാപ്ടോപ്പിനുള്ള തുക പ്രോഫോർമ ഇൻവോയ്സ് പ്രകാരം 1,13,515/- രൂപ ട്രാൻസ്ഫർ ചെയ്തിരുന്നു. പരിശോധനയ്ക്കായി ഒറിജിനൽ ടാക്സ് ഇൻവോയ്സ് എൻക്വയറി (15/20-21/30.5.22)മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കാത്തതിനാൽ പ്രോഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുകയാണോ യഥാർത്ഥ തുകയെന്നു പരിശോധിക്കാനായില്ല. ആയതിനാൽ ഒറിജിനൽ ടാക്സ് ഇൻവോയ്സ് ഹാജരാക്കുന്നതു വരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

2.പ്രോജക്റ്റ് നം.90/20-21 തുല്യത കോഴ്സ് ഫീസ് തുക

വികസനഫണ്ട്- 2,00,000

ചെലവ് -1,81,200(ബിൽ നം.2/2021/21.4.20)

ടി പ്രോജക്ടിൽ പത്താംതരം, പന്ത്രണ്ടാം തരം തുല്യത പഠനത്തിനായി യഥാക്രമം 98,700/- രൂപ 82,500/- കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റിക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പരിശോധനക്കായി ആനുകൂല്യത്തിനർഹരായ ഗുണഭോക്താക്കൾ പ്രവേശനം നേടിയതിന്റെ രേഖകൾ, കോഴ്സ് പൂർത്തികരിച്ചതിന്റെയും സർട്ടിഫിക്കറ്റ് നൽകിയതിന്റേയും രേഖകൾ എന്നിവ ഓഡിറ്റ് എൻക്വയറി(നം.15/20-21/30.5.22) മുഖേന ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-19 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

(എ)പ്രോജക്റ്റ് നം.S0019/21- കന്നുകുട്ടി പരിപാലനം

വികസനഫണ്ട്-പൊതു വിഭാഗം -312500

മറ്റുള്ളവ -312500

ആകെ അടങ്കൽ-625000

ചെലവ് - 312500 (ബിൽ നം.07/29.03.2021)

(എ) വെറ്ററിനറി സർജൻ നടപ്പാക്കിയ കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ടിനായി (25 യൂണിറ്റ്) കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസി.ഡയറക്ടർക്ക് 312500/- രൂപ 29.03.2021 ൽ നൽകിയിട്ടുണ്ട്.

13.09.2021 ലെ Assistant Director, Calf Feed Subsidy Scheme ന്റെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 25 കന്നു കുട്ടികൾക്കായി 43825/- രൂപ വിനിയോഗിച്ചിട്ടുള്ളതായും പദ്ധതി നിലവിലും തുടരുന്നു എന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റ് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

(ബി) കന്നുകുട്ടി പരിപാലന പ്രോജക്ടുകളിലേക്ക് വികസന ഫണ്ടിൽ നിന്ന് നൽകിയ തുകയുടെ വിനിയോഗം, നീക്കിയിരിപ്പ് എന്നീ വിവരം (As On 13.09.2021) പരിശോധിച്ചതിൽ വിവിധ വർഷങ്ങളിലായി വികസന ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഗ്രാമപഞ്ചായത്തിൽ നിന്നും അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് നൽകിയ തുക | ചെലവ് | സ്കീം പൂർത്തിയായ തീയതി | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | 2017-18 | 318750 | 299437 | 01.05.2020 | 19313 |
| 2 | 2018-19 | 400000 | 364893 | 01.05.2021 | 35107 |
| 3 | 2019-20 | 450000 | 324801 | തുടരുന്നു | 125099 |
| 4 | 2020-21 | 312500 | 43825 | തുടരുന്നു | 268675 |

പ്രോജക്റ്റ് പൂർത്തിയാക്കിയിട്ടുള്ള വർഷങ്ങളിൽ അധികമായി നൽകിയ തുക ലഭ്യമാക്കുന്നതിനായി കാഫ് ഫീഡ്

സബ്സിഡി പ്രോഗ്രാം അസി. ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും 2020-21 ലെ പ്രോജക്ട് പൂർത്തിയായതിനുശേഷം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.06/27.05.2022) മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ വിനിയോഗിക്കാതെ അവശേഷിക്കുന്ന 2020-21 ലെ തുകയായ 268675/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ആനുകൂല്യത്തിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ കൃത്യമായി ആനുകൂല്യം കൈപ്പറ്റി വരുന്നുണ്ടെന്ന് എൻറോൾമെന്റ് രജിസ്റ്റർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ വിനിയോഗിച്ച തുക എൻറോൾമെന്റ് സമയത്ത് എസ്.എൽ.ബി.പി.യിൽ (Special Livestock Breeding Program) ഒടുക്കിയ തുകയുമായി ഒത്തു നോക്കി കൃത്യത ഉറപ്പു വരുത്തേണ്ടതുമാണ്. മുൻ വർഷങ്ങളിലെ തുക നീക്കിയിരിപ്പുണ്ടെങ്കിൽ ആയത് തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

2020-21 വർഷം സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കേരള വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി ചുവടെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/ നിർവ്വഹണ ഏജൻസി | നൽകിയ തുക | ചെലവ് വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 160/21 മാങ്കുളംകുടിവെള്ള പദ്ധതി- കുഴൽ കിണർ സ്ഥാപിക്കൽ/ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 690000/ | ബിൽ നം.45/20-21 തീയതി.27.02.2021 | സർക്കാർ ഉത്തരവ് കൈ നം.11/2018/തസ്വഭവ. തീയതി.29-01-2018, ഖണ്ഡിക 11.2 പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക മുൻകൂർ നൽകുന്നതിന് മുൻപ് കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഭൂജല വകുപ്പുമായി 02.08.2021 ൽ മാത്രമാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. (എഗ്രിമെന്റ് നം.4/2021)<br>കൂടാതെ പ്രവൃത്തി പൂർത്തീകരിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| | പ്രോജക്ടിന്റെ പേര് - കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>പ്രോജക്ട് നം. - S0107/21 | 610000 | (1)ബിൽ നം.5/20-21 തീയതി.17.05.2020. തുക-305000<br>(2) ബിൽ നം. 6/20-21 തീയതി.17.05.2020. തുക-305000 | സർക്കാർ ഉത്തരവ് കൈ നം.11/2018/തസ്വഭവ. തീയതി.29-01-2018, ഖണ്ഡിക 11.2 പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക മുൻകൂർ നൽകുന്നതിന് മുൻപ് കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ കേരള വാട്ടർ അതോറിറ്റിയുമായി 12.08.2021 ൽ മാത്രമാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. (എഗ്രിമെന്റ് നം.2/2021) ഇതിൽ നിന്നും വാട്ടർ അതോറിറ്റിയുമായി ഗ്രാമ പഞ്ചായത്ത് കരാർ വയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു.<br>കൂടാതെ പ്രോജക്ട് പൂർത്തീകരിച്ച് പൂർത്തീകരണ രേഖകൾ പഞ്ചായത്തിന് കൈമാറിയിട്ടില്ല. |
| | ആകെ | | 1300000 | |

പ്രവൃത്തി പൂർത്തീകരിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 1300000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ക്വട്ടേഷൻ വിവരങ്ങൾ ഹാജരാക്കിയില്ല.

*പ്രോജക്ട് നം - 26/21*

പ്രോജക്ടിന്റെ പേര് -ലാബ് റീ ഏജന്റ് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച് സി, കണ്ടല്ലൂർ)

അടങ്കൽ-100000/-(മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ്-100000/-

ചെലവ് വിവരം

ബിൽ നം.16-20-21/20.1.21, തുക. 43623/-

ബിൽ നം.17-20-21/31.3.21, തുക. 56377/-

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഈ പ്രോജക്റ്റ് പ്രകാരം കണ്ടല്ലൂർ പി.എച്ച്.സി യിലേക്ക് 100000/- ലാബ് റീ ഏജന്റ്, ഭാരത് സൈന്റിഫിക് സപ്ളൈസ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. *രേഖകൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/30.05.22) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാത്തതിനാൽ ചെലവ് തുകയായ 100000/-തടസ്സപ്പെടുത്തുന്നു.*

## 1-22 ന്യൂട്രിമിക്സിന്റെ ഗുണനിലവാര പരിശോധന - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 20/20-21, അംഗൻ വാടി പോഷകാഹാരം |
| അടങ്കൽ | വികസന ഫണ്ട്- 17,46,400<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 5,60,000<br>കേന്ദ്ര ഫണ്ട് - 10,00,000<br>ജില്ലാ പഞ്ചായത്ത് വിഹിതം- 2,00,000<br>ആകെ - 3506400 |
| ചെലവ് | 3132325 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും 01.02.2010, 05.06.2010. എന്നീ തീയതികളിലെ ഐ.സി.ഡി.എസ് ബി3-312/2010 നമ്പർ കത്തുകൾ മുഖേന സാമൂഹ്യ ക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. പരിശോധനയ്ക്ക് വിധേയമായ ബാച്ചുകളുടെ ലാബ് റിപ്പോർട്ടിൽ തൃപ്തികരമല്ല/ഉപയോഗയോഗ്യമല്ല എന്നാണ് പരിശോധനാ ഫലമെങ്കിൽ, ഭക്ഷ്യ മിശ്രിതത്തിന്റെ വില, ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നല്കേണ്ടതില്ല എന്ന് 8.12.2010 ലെ മേൽ നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. 2020-21 വർഷം ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. പിഞ്ചു കുട്ടികൾക്ക് ഗുണനിലവാരം ഉറപ്പാക്കാതെ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നത് ഗുരുതരമായ തെറ്റാണ്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/22.05.22) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ സർക്കാർ ഉത്തരവ് പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-23 (1) മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്റ്റ് - പാലിയേറ്റീവ് കെയർ പദ്ധതി- മരുന്ന് ലഭ്യമായില്ല, 199000/-തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം/ പേര്. | പ്രോജക്റ്റ് നം. 27/21<br>പാലിയേറ്റീവ് കെയർ പദ്ധതി |
| അടങ്കൽ | 500000/-(വി.ഫ-ജന)<br>490000/-(ബ്ലോക്ക് വിഹിതം) |
| ചെലവ്. | ബിൽ നം.8/20-21/18.6.20, 37750/-(വി.ഫ-ജന)<br>ബിൽ നം.11/20-21/21.8.20, 42000/-<br>ബിൽ നം.12/20-21/21.8.20, 37750/-<br>ബിൽ നം.15/20-21/6.11.20, 54700/-<br>ബിൽ നം.17/20-21/20.1.21, 56650/-<br>ആകെ-228850/<br>ബിൽനം.20/20-21/31.3.21, 199000/-(ബ്ലോക്ക് വിഹിതം) |

| | |
|---|---|
| | *ബിൽ നം.19/20-21/31.3.21, 56140/-* |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, കണ്ടല്ലൂർ) |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിന് *ബിൽ നം.20 പ്രകാരം മരുന്ന് വാങ്ങുന്നതിനായി 199000/-രൂപ കെ.എം.സി.എൽ ന് അക്കൌണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായോ എന്നത് സംബന്ധിച്ച് രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.* അഡ്വാൻസായി തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭിയ്ക്കാത്തതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം. 17/30.5.2021) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ പണം നൽകിയിട്ടും രോഗികൾക്ക് യഥാസമയം മരുന്നുകളും ഉപകരണങ്ങളും ലഭിക്കാത്ത വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ പഞ്ചായത്ത് ഭരണസമിതിയുടെയോ ശ്രദ്ധയിൽപ്പെടുത്തി ഉപകരണങ്ങളുടെയും മരുന്നുകളുടേയും ലഭ്യത ഉറപ്പാക്കാൻ തക്കവിധം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ *199000/-രൂപയുടെ ചെലവ്* തടസ്സപ്പെടുത്തുന്നു.

## 1-23 (2) മരുന്ന് ലഭ്യമായില്ല,ചെലവ് രേഖകൾ ഹാജരാക്കിയില്ല-544982/-രൂപ തടസ്സപ്പെടുത്തുന്നു

*പ്രോജക്റ്റ് നം - 86/21 So*

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ പദ്ധതി

അടങ്കൽ-235838/-(വികസന ഫണ്ട്)

ചെലവ്-235838/-

അടങ്കൽ-384460/-(ബ്ലോക്ക് വിഹിതം)

ചെലവ്-384393/-

| | |
|---|---|
| പ്രോജക്റ്റ് നം/ പേര്. | പ്രോജക്റ്റ് നം. 86/21.<br>പാലിയേറ്റീവ് കെയർ പദ്ധതി(SO) |
| അടങ്കൽ | 235838/-(വി.ഫ-ജനറൽ)<br>384460/-(ബ്ലോക്ക് വിഹിതം) |
| ചെലവ്. | ബിൽ നം.1/20-21/11.6.20, 19590/- (വി.ഫ-ജനറൽ)<br>ബിൽ നം.2/20-21/11.6.20, 19200/-<br>ബിൽ നം.3/20-21/11.6.20, 100000/-<br>ബിൽ നം.4/20-21/11.6.20, 27398/-<br>ബിൽ നം.5/20-21/26.6.20, 19454/-<br>ബിൽ നം.6/20-21/18.6.20, 30000/-<br>ബിൽ നം.7/20-21/18.6.20, 6459/-<br>ബിൽ നം.13/20-21/21.8.20, 13737/-<br>ആകെ-235838/-<br>ബിൽ നം.9/20-21/18.6.20, 63797/- (ബ്ലോക്ക് വിഹിതം)<br>ബിൽ നം.10/20-21/18.6.20, 67000 |

2020-21 വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം രോഗികൾക്ക് മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനായി താഴെ പറയുന്ന പ്രോഫോർമ ഇൻവോയിസുകൾ പ്രകാരം കെ.എം.സി.എൽ-ന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് വിവരങ്ങളോ മരുന്ന് ലഭ്യമായോ എന്നത് സംബന്ധിച്ച രേഖകളോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രോജക്റ്റ് | ബിൽ.നം/തീയതി | പ്രോഫോർമ | തുക | മരുന്ന് | ഇനി |
|---|---|---|---|---|---|

| നം/പേര് | (വികസന ഫണ്ട്) | ഇൻവോയിസ് നം/തീയതി | | ലഭിച്ചത് (രൂപയിൽ) | ലഭിയ്ക്കാനുള്ളത് (രൂപയിൽ) |
|---|---|---|---|---|---|
| 86/21-സാന്ത്വന പരിചരണ പരിപാടി | Bill No.3/2020-21, 11.6.20 Rs.100000/- | പി.ആർ.എഫ് 3164/dt.10/12/2019, 45510 പി.ആർ.എഫ് 2460/dt.18 /11/2019,54490 | 100000 | Nil | 100000 |
| | Bill No.4/2020-21, 11.6.20 Rs.27398/- | പി.ആർ.എഫ് 5630/dt.26 /03/2020, 27398 | 27398 | Nil | 27398 |
| | Bill No.5/2020-21, 26.6.20 Rs.19454/- | പി.ആർ.എഫ് 5694/dt.26 /6/2020,19454 | 19454 | Nil | 19454 |
| | Bill No.13/20-21, 21.8.20 Rs.13737/- | പി.ആർ.എഫ് 914/dt.10 /6/2020,13737 | 13737 | Nil | 13737 |
| | | | | | 160589/- |

| പ്രോജക്റ്റ് നം/പേര് | ബിൽ.നം/തീയതി (ബ്ളോക്ക് വിഹിതം) | പ്രോഫോർമ ഇൻവോയിസ് നം/തീയതി | തുക | മരുന്ന് ലഭിച്ചത് (രൂപയിൽ) | ഇനി ലഭിയ്ക്കാനുള്ളത് (രൂപയിൽ) |
|---|---|---|---|---|---|
| 86/21-സാന്ത്വന പരിചരണ പരിപാടി | Bill No.10/20-21, 18.6.20 Rs.67000/- | പി.ആർ.എഫ് 5526/dt.21.03.2020, 67000/- | 67000 | Nil | 67000 |
| | Bill No.9/2020-21,18.6.20 Rs.63797/- | പി.ആർ.എഫ് 912/dt.10.06.2020, 63797 | 63797 | Nil | 63797 |
| | | | | | 130797 |

ബ്ലോക്ക് വിഹിതമായ 384393/-രൂപയുടെ ചെലവ് തുകയിൽ മേൽ രണ്ട് ബില്ലുകളുടെ (Bill No.9,10) ചെലവു രേഖകളേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. *ബാക്കി 253596/-രൂപയുടെ (BRN-1907095200-5801583274 തീയതി, 23.03.2020/253596/-) ചെലവു വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.* അഡ്വാൻസായി തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകളും ഉപകരണങ്ങളും ലഭിയ്ക്കാത്തതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം. 17/30.5.2022) നൽകിയതിൽ മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ പണം നൽകിയിട്ടും രോഗികൾക്ക് യഥാസമയം മരുന്നുകളും ഉപകരണങ്ങളും ലഭിക്കാത്ത വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ പഞ്ചായത്ത് ഭരണസമിതിയുടെയോ പരിഗണനക്കായി ശ്രദ്ധയിൽപ്പെടുത്തി ഉപകരണങ്ങളുടെയും മരുന്നുകളുടേയും ലഭ്യത ഉറപ്പാക്കാൻ തക്കവിധം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഉപകരണങ്ങളും മരുന്നും ലഭിക്കാത്ത സാഹചര്യത്തിൽ 160589+130797=291386/-രൂപയും ചെലവു രേഖകളുടെ അഭാവത്തിൽ *253596/-രൂപയും ഉൾപ്പെടെ 544982/-രൂപ* ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ഉപയോഗിക്കാത്ത പൊതുടാപ്പുകളുടെ വാട്ടർചാർജ്ജ്- ഗ്രാമപഞ്ചായത്തിന് വൻബാദ്ധ്യത

ഗ്രാമ പഞ്ചായത്തിലെ 425 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ പ്രതിമാസം 185938/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നുണ്ട്. വിവിധ കുടിവെള്ള പദ്ധതികളിലും ജലജീവൻ പദ്ധതിയിലും ഉൾപ്പെടുത്തി ഭൂരിപക്ഷം വീടുകളിലും വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവർത്തന ക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ഉപയോഗ ശൂന്യമായ 188 കണക്ഷൻ വിഛേദിക്കുന്നതിന് 27.10.2021 ലെ പഞ്ചായത്ത് കമ്മറ്റി 7(2) നമ്പർ പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്തും (05/2022) വാട്ടർ ചാർജ്ജ് പ്രതിമാസം 204994/- രൂപയാണ് ഒടുക്കുന്നത്. 15225573/- രൂപ കുടിശികയുണ്ട്.

2020-21 വർഷം 2231256/- രൂപയാണ് വാട്ടർ ചാർജ്ജ് ഒടുക്കിയത്. കൂടാതെ ഗ്രാമ പഞ്ചായത്തിലെ വരൾച്ചബാധിത

പ്രദേശത്ത് കുടിവെള്ള വിതരണം നടത്തിയതിന് 1294515 രൂപയും ചെലവ് വന്നിട്ടുണ്ട്. ആകെ ചെലവ് -3525771/-രൂപ. ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രം ചാർജ്ജ് ഒടുക്കി വാട്ടർചാർജ്ജിനത്തിലെ ചെലവ് കുറയ്ക്കുവാനുള്ള സത്വര നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം./) മറുപടി ലഭ്യമാക്കിയില്ല.

## 1-25 MGNREGS മുഖേന നിർവ്വഹണം നടത്തിയിട്ടുള്ള വിവിധ പ്രവർത്തികൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് തുക ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പരിശോധിച്ചതിൽ ഈയിനത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കേണ്ടത് അനിവാര്യമായതിനാൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതിന്റെ ഉത്തരവാദിത്വം പദ്ധതി മോണിട്ടർ ചെയ്യുന്ന ഉദ്യോഗസ്ഥർക്കുണ്ട്. ആയതിനാൽ എല്ലാ പ്രവൃത്തികളും ആരംഭിക്കുന്നതിന് മുൻപ് തന്നെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ് എന്നും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 14.09.2018 ലെ 2679/ EGS-C/17/REGS നമ്പർ കത്തിൽ നിർദ്ദേശമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കാതെ പ്രവൃത്തി നടപ്പാക്കുന്നത് ക്രമപ്രകാരമല്ല.

## 1-26 ഓഡിറ്റ് ഇംപാക്റ്റ് ,രസീത് പരിശോധന- കളക്ഷൻതുകയിലെ കുറവ് തിരികെ അടച്ചു

രസീത് പരിശോധനയിൽ 26881 രസീത് ബുക്കിൽ 10/03/21 തീയതിയിൽ രസീത് നമ്പർ 3 പ്രകാരം അടച്ച 2059/- രൂപ, കൂടാതെ 6459 രസീത് ബുക്കിൽ 25.02.21 തീയതിയിൽ രസീത് നമ്പർ 13 പ്രകാരം അടച്ച 91/- രൂപ, ആകെ 2150/-രൂപ, പഞ്ചായത്തിൽ ഒടുക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 20/20-21 മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് യഥാക്രമം രസീത് നം. 1220100407/1220100417 പ്രകാരം യഥാക്രമം 26/05/2022 ൽ 2059/-രൂപ യും 30/05/2022 ൽ 91/-രൂപയും പഞ്ചായത്തിലേക്ക് ഒടുക്കിയിട്ടുണ്ട്.

## 1-27 കോവിഡ്-അവലോകനം

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് സ.ഉ (കൈ) 55/2020 തസ്വഭവ തീയതി 20.03.2020 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ബ്രേക്ക് ദ ചെയിൻ ക്യാംപെയിൻ അടക്കമുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ചിട്ടുള്ളതാണ്. ബോധവത്ക്കരണത്തിനായി വ്യാപകമായി മൈക്ക് അനൗൺസ്മെന്റുകൾ നടത്തി. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പഞ്ചായത്ത് തല മോണിറ്ററിംഗ് കമ്മിറ്റി, വാർഡ് തല മോണിറ്ററിംഗ് കമ്മിറ്റി എന്നിവ പ്രവർത്തിച്ചു. 2020 മാർച്ച് മാസം അവസാനത്തോടെ തന്നെ സംസ്ഥാനത്ത് സ്കൂളുകൾ, സിനിമാ തിയേറ്ററുകൾ എന്നിവ അടച്ച്പൂട്ടി പലതരത്തിലുള്ള നിയന്ത്രണങ്ങൾ നടപ്പാക്കി തുടങ്ങിയിരുന്ന കോവിഡ് വ്യാപന തടയുന്നതുമായി ബന്ധപ്പെട്ട് 24.03.2020 മുതൽ (പ്രഖ്യാപനം 23.03.2020) ദേശവ്യാപകമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ചിട്ടുള്ളതാണ്.

കോവിഡ് 19 വ്യാപനം തടയുന്നതിനായി ഗ്രാമപഞ്ചായത്തിൽ വിദേശത്ത് നിന്നും അന്യ സംസ്ഥാനത്ത് നിന്നും മറ്റ് ജില്ലകളിൽ നിന്നും എത്തി ക്വാറന്റൈനിൽ കഴിയുന്നവർക്ക് ഭക്ഷണവും മറ്റ് അവശ്യ സാധനങ്ങളും എത്തിച്ച് നൽകേണ്ടതായിട്ടുണ്ട്. ലോക്ക് ഡൗൺ സമയത്ത് പഞ്ചായത്ത് കമ്മിറ്റി കൂടുന്നതിന് കഴിയാത്ത സാഹചര്യത്തിൽ അടിയന്തരമായി 26.03.2020 ൽ സ്റ്റീയറിംഗ് കമ്മിറ്റി കൂടി നിലവിലുള്ള സാഹചര്യത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിൽ പ്രവർത്തിച്ച് വരുന്ന കുടുംബശ്രീയുടെ ജനകീയ ഹോട്ടലിൽ നിന്നും ക്വാറൻറയിനിൽ കഴിയുന്ന നിർധനർക്ക് സ്റ്റീയറിംഗ് കമ്മിറ്റി തീരുമാന പ്രകാരം ഭക്ഷണം എത്തിച്ച് നൽകി. കൂടാതെ ലോക്ക് ഡൗൺ മൂലം തൊഴിലിന് പോകുന്നതിന് സാധിക്കാത്ത നിർധനരായ തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും ഭക്ഷണം എത്തിച്ച് നൽകേണ്ട ചുമതല കൂടി ഗ്രാമപഞ്ചായത്തിനുണ്ടായിരുന്നു. ഗ്രാമപഞ്ചായത്തിലെ 15 വാർഡിലും നിർധനർക്ക് ഭക്ഷണം നൽകുന്നതിനായി സ്റ്റീയറിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ കമ്മ്യൂണിറ്റി കിച്ചൺ വഴി ഭക്ഷണം എത്തിച്ച് നൽകിയിട്ടുള്ളതുമാണ്. 2020 മാർച്ച് 28 ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ 2020 മെയ് 3 തീയതി വരെ 37 ദിവസം 2 നേരവും (ഉച്ചയ്ക്കും രാത്രിയും) ഭക്ഷണം ഇത്തരത്തിൽ വിതരണം ചെയ്തിട്ടുള്ളതാണ്. ആലപ്പുഴ ജില്ലയിലെ കമ്മ്യൂണിറ്റി കിച്ചൻ വഴി ആയിരത്തിലധികം പേർക്ക് ഭക്ഷണം രണ്ട് നേരവും നൽകിയിട്ടുള്ള ഏക പഞ്ചായത്തും കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് മാത്രമാണ്.

കോവിഡ് പ്രതിരോധത്തിന്റെ ആദ്യഘട്ടത്തിൽ ബ്രേക്ക് ദ ചെയിൻ ക്യാംപയിന്റെ ഭാഗമായി കൈകഴുകൽ പ്രോത്സാഹിപ്പിക്കുന്നതിന് പൊതു ഇടങ്ങളിൽ കൈകഴുകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി, കൂടാതെ തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മ സേന, ആശാവർക്കർമാർ, പഞ്ചായത്തിലെ എല്ലാ സർക്കാർ ജീവനക്കാർക്കും കോവിഡ് പ്രതിരോധത്തിന് വേണ്ടി മാസ്കും സാനിറ്റൈസറും വിതരണം ചെയ്തു. വിദേശത്ത് നിന്നുള്ള ഇൻഡ്യക്കാർക്ക് യാത്രവിലക്ക് പിൻവലിച്ച ശേഷം മടങ്ങി വന്ന പ്രവാസികളെ ക്വാറന്റൈനിൽ താമസിച്ച് നിരീക്ഷണം ഏർപ്പെടുത്തുന്ന ഇൻസ്റ്റിറ്റ്യൂഷൻ ക്വാറന്റൈൻ സംവിധാനം ഏർപ്പെടുത്തണമായിരുന്നു. പ്രവാസികളെ താമസിപ്പിക്കാൻ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ ലോഡ്ജുകൾ ഇല്ലാതിരുന്നതിനാൽ ബഹു.തഹസിൽദാർ, കാർത്തികപ്പള്ളി-യുടെ ഇടപെടൽ മൂലം കായംകുളം നഗരസഭയിലെ ഒരു ഹോട്ടൽ ഏറ്റെടുക്കുകയും (സിറ്റി ഹോട്ടൽ, കായംകുളം) കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ പ്രവാസികളെ സൗജന്യമായി താമസിപ്പിക്കുകയും ഭക്ഷണം എത്തിച്ച് നൽകുകയും ചെയ്തു. ഹോട്ടലിലെ മാലിന്യ നിർമ്മാർജനവും കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തു.

സംസ്ഥാനത്ത് കോവിഡ് വ്യാപനം നേരിടുന്നതിനായി ജനകീയ ആരോഗ്യപരിപാലന കേന്ദ്രങ്ങളായി കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെറ്റ് സെൻററുകൾ ഏർപ്പെടുത്തണമെന്നും സാമൂഹ്യവ്യാപനം ഉണ്ടായാൽ നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനത്തെ ബാധിക്കാത്ത തരത്തിൽ അവശ്യ സൗകര്യങ്ങളുള്ള പ്രദേശിക കേന്ദ്രങ്ങളായി സി.എഫ്.എൽ.റ്റി.സി-കളെ വിഭാവനം ചെയ്യണമെന്നും സ.ഉ (സാധാ) 1364/2020/ തസ്വഭവ തീയതി 16.07.2020 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സംസ്ഥാനത്ത് കോവിഡ് ഒന്നാം തരംഗം തുടർന്നപ്പോൾ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലും സി.എഫ്.എൽ.റ്റി.സി. ആരംഭിച്ചു. 2020 ഒക്ടോബർ 22 മുതൽ 2020 നവംബർ 22 വരെ കൊപ്പാറേത്ത് ഹയർസെക്കണ്ടറി സ്കൂൾ സി.എഫ്.എൽ.സി-യായി പ്രവർത്തിച്ചു. 150 കിടക്കകളുള്ള സി.എഫ്.എൽ.റ്റി.സി യിൽ രോഗികൾ ഒരു ദിവസം 75 വരെ എത്തിയ സാഹചര്യമുണ്ടായിരുന്നു. സി.എഫ്.എൽ.റ്റി.സി കളുടെ ഭൗതിക സാഹചര്യം യഥാസമയം ഒരുക്കുന്നതിനും ഫലപ്രദമായ ദൈനദിന പ്രവർത്തനങ്ങൾ നടത്തുന്നതും മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചു.

സി.എഫ്.എൽ.റ്റി.സി-യിൽ കോവിഡ് പോസിറ്റീവ് ആയി എത്തുന്നവർക്ക് ഭക്ഷണവും വെള്ളവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി. കുടുംബശ്രീ വഴി ഭക്ഷണ വിതരണം നടത്തി. ടോയ്‌ലറ്റുകൾ അറ്റകുറ്റപ്പണി നടത്തുകയും ആരോഗ്യ പ്രവർത്തകർക്ക് വേണ്ടി ടോയ്‌ലറ്റ് പുതിയതായി നിർമ്മിക്കുകയും ചെയ്തു. സി.എഫ്.എൽ.റ്റി.സിയും കോമ്പൗണ്ട് വാളും വേർതിരിക്കുന്നതിനായി ഫെൻസിംഗ് നിർമ്മിച്ചു. സി.എഫ്.എൽ.റ്റി.സി യിൽ ഇലക്ട്രിഫിക്കേഷൻ പ്രവർത്തി നിർവ്വഹിച്ചു. ദൈനദിന ശുചീകരണം, മാലിന്യം ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിനുള്ള ക്രമീകരണം, ശുചികരണത്തിന് ആവശ്യമുള്ള പ്രവർത്തകരെ നിയമിക്കൽ എന്നിവ നടപ്പിലാക്കി (കുറഞ്ഞത് പത്ത് രോഗിക്ക് ഒരാൾ എന്ന ക്രമത്തിൽ), ശുചികരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിന്റെ ഇൻഫക്ഷൻ കൺട്രോൾ കമ്മീഷൻ നിർദ്ദേശ പ്രകാരം ക്രമീകരിച്ചു. ഡ്യൂട്ടിയ്ക്ക് ശേഷം ക്വാറന്റയിൻ നിർദ്ദേശിച്ചു. ക്വാറന്റയിൻ കാലയളിവിൽ ശുചീകരണ തൊഴിലാളികൾക്ക് അർദ്ധവേതനം അനുവദിച്ചു. കോവിഡ് പോസിറ്റീവ് ആകുന്നവരുടെ പരിചരണത്തിനായി താല്ക്കാലിക നഴ്സിംഗ് അസിസ്റ്റന്റ്മാരെ ചുമതലപ്പെടുത്തി. രാത്രികാലത്ത് സി.എഫ്.എൽ.റ്റി.സി യുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനായി ജനറേറ്റർ വാടകയ്ക്ക് എടുത്ത് പ്രവർത്തിപ്പിച്ചു. സി.എഫ്.എൽ.റ്റി.സി പ്രവർത്തിക്കുന്നതോടൊപ്പം തന്നെ കോവിഡ് പോസിറ്റീവ് ആയി ഹോം ഐസോലേഷൻ തിരഞ്ഞെടുക്കുന്നവരെ നിരീക്ഷിക്കുന്ന പ്രവർത്തനങ്ങൾ ജാഗ്രത സമിതി ഏറ്റെടുത്തു. ഹോം ക്വാറൻറനിൽ കഴിയുന്നവർക്ക് മെഡിക്കൽ കിറ്റ് വിതരണം നടത്തി. സമീപ പഞ്ചായത്തുകളിൽ കോവിഡ് വ്യാപനം രൂക്ഷമായപ്പോഴും കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ മൂലം സ്ഥിതി നിയന്ത്രണ വിധേയമാക്കുന്നതിനായി കഴിഞ്ഞു. ആരോഗ്യ പ്രവർത്തകരും ഗ്രാമപഞ്ചായത്തും ഒരുമിച്ച് നിന്ന് ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ മൂലമാണ് സ്ഥിതി രൂക്ഷമാകാതെ നിർത്താൻ കഴിഞ്ഞിട്ടുള്ളത്.

പഞ്ചായത്ത് 2020-2021 കാലഘട്ടത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിലാക്കിയിട്ടുണ്ട്.

| വർഷം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഫണ്ടിനം | നടത്തിയിരുന്ന പ്രവർത്തനത്തിന്റെ സംക്ഷിപ്തം |
|---|---|---|---|---|
| 2020-21 | കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെന്ററിലേക്ക് ടോയ്‌ലറ്റ് നിർമ്മാണം | 498942 | പ്ലാൻ | സി.എഫ്.എൽ.റ്റി.സി യിലെ ടോയ്‌ലറ്റ് നിർമ്മാണം- കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിൽ ഡോക്ടർ, നഴ്സ്, ആരോഗ്യ പ്രവർത്തകർക്കുള്ള ടോയ്‌ലറ്റ് നിർമ്മാണം |
| 2020-21 | കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെന്ററിലെ | 142656 | പ്ലാൻ | സി.എഫ്.എൽ.റ്റി.സി യിലെ ടോയ്‌ലറ്റ് അറ്റകുറ്റപ്പണി-കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററായ |

| | | | | |
|---|---|---|---|---|
| | ടോയ്‌ലറ്റ് അറ്റകുറ്റപ്പണി | | | കൊപ്പാറേത്ത് ഹയർ സെക്കണ്ടറി സ്കൂളിലെ ടോയ്‌ലറ്റ് കോംപ്ലക്സിലെ 18 ടോയ്‌ലറ്റുകളിൽ രണ്ട് നിലകളിലായി 9 എണ്ണം വീതമാണ്. ടി ടോയ്‌ലറ്റുകൾ പ്രവർത്തന രഹിതമായതിനാൽ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി. ടി സൌകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയാണ് ടി പദ്ധതി ഏറ്റെടുക്കുന്നത് |
| 2020-21 | കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ - സൌകര്യം ഒരുക്കൽ | 493057 | പ്ലാൻ | സി.എഫ്.എൽ.റ്റി.സി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ -കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിൽ അടിസ്ഥാന സൌകര്യത്തിനായി മുറികളിൽ ഫ്ളോറിംഗ് നടത്തി |
| 2020-21 | കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെന്റർ- അടിസ്ഥാന സൌകര്യം ഒരുക്കൽ | 125862/936317 | പ്ലാൻ/തനത് ഫണ്ട് | സി.എഫ്.എൽ.റ്റി.സി യിലേക്ക് കോവിഡ് പ്രതിരോധ സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള പദ്ധതി- കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നു, പ്രതിരോധ പ്രവർത്തനത്തിനായി സജ്ജീകരണം ഒരുക്കുന്നു. സി.എഫ്.എൽ.റ്റി.സി യിൽ ആഹാരം നൽകുന്നു. പ്ലാൻ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ തനത് ഫണ്ട് വിനിയോഗിച്ചു |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിന് സബ്സിഡി അധിക നിരക്കിൽ നൽകി

എസ്0103/20 SO-പാലിന് സബ്സിഡി

നിർവഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ-80579/-(ബ്ലോക്ക് വിഹിതം)

ചെലവ്-80579/-

ബിൽ നം-7/19-20 തീയതി-20.5.2020-80579/-

പഞ്ചായത്ത് പരിധിയിലുള്ള 6 ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് മേൽസൂചിപ്പിച്ച ബില്ല് പ്രകാരം സബ്സിഡി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14.12.18 ലെ സ.ഉ(കൈ) നം22/18/തസ്വഭവ ഉത്തരവ് പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി നൽകാമെന്നാണ്(ക്ഷീര വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ) എന്നാൽ ഇതിന് വിരുദ്ധമായി പദ്ധതി പണത്തിൽ നിന്നുതന്നെ ലിറ്ററിന് 4രൂപ ക്രമത്തിൽ മുഴുവൻ സബ്സിഡിയും അനുവദിച്ചു നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ

ബിൽ നം-7/19-20 തീയതി-20.5.2020-80579/-

| ക്രമ നമ്പർ | ക്ഷീരസംഘങ്ങൾ | പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം | നൽകിയ തുക (സബ്സിഡി) | പദ്ധതിപണത്തിൽ നിന്നും ചെലവഴിക്കാവുന്ന തുക | പദ്ധതിപണത്തിൽ നിന്നും അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|

| | | അളന്ന പാൽ (ലിറ്ററിൽ) | | | (സബ്സിഡി) |
|---|---|---|---|---|---|
| 1 | കണ്ടല്ലൂർ ക്ഷീരോൽപാദക സഹകരണ സംഘംക്ളിപ്തം നമ്പർ എ62(ഡി)ആപ്കോസ് | 8251*4 | 33004 | 24753 | 8251 |
| 2 | കണ്ടല്ലൂർ വടക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ126(ഡി) ആപ്കോസ് | 4082*4 | 16328 | 12246 | 4082 |
| 3 | പുതിയവിള ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ52(ഡി) | 4002*4 | 16008 | 12006 | 4002 |
| 4 | പുതിയവിള വടക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ67(ഡി) | 2492*4 | 9968 | 7476 | 2492 |
| 5 | കീരിക്കാട് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ67(ഡി) ആപ്കോസ് | 1431*4 | 5724 | 4293 | 1431 |
| 6 | കണ്ടപ്പുറം ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നമ്പർ എ231(ഡി) ആപ്കോസ് | 765*4 | 3060 | 2295 | 765 |
| | | | 80579/-(rounded) | 60434/- | 20145/- |

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ നിരക്കിലായതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വികസനഫണ്ടിൽ നിന്നും അധികമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.13/30.5.2022 നൽകിയതിന്, തൻ വർഷംക്ഷീരവികസന വകുപ്പിൽ നിന്നും ഫണ്ട് ലഭിക്കാത്തതിനാലാണ് വികസന ഫണ്ടിൽ നിന്ന് സബ്സിഡി നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്.മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. അധികമായി നൽകിയ 20,145/-രൂപ തിരികെ ഒടുക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020/21 | 450000 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 450000 | Nil |
| ജില്ലാ പഞ്ചായത്ത് | 2020/21 | 734980 | ലൈഫ് | 734980 | |
| ജില്ലാ പഞ്ചായത്ത് | 2020/21 | 100000 | അംഗൻവാടി ഫീഡിംഗ് | 100000 | |
| ജില്ലാ പഞ്ചായത്ത് | 2020/21 | 297525 | ഭിന്നശേഷി സ്കോളർഷിപ്പ് | 297525 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 600000 | റോഡ് ടാറിംഗ് | 600000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 639533 | പാലിയേറ്റീവ് | 575736 | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 200000 | അംഗനവാടി മെയിന്റനൻസ് | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 297525 | സ്കോളർഷിപ്പ് | 297525 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 235000 | കൃഷി | 235000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 40500 | കൃഷി | 40500 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 100000 | കൃഷി | 100000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 400000 | പാലിന് സബ്സിഡി | 400000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 80579 | പാലിന് സബ്സിഡി | 80579 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ 79/21 94/21 | 7/17.05.20 32/20.11.20 | 387733 | 387733 | 0 |
| KWA | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 107/21 | 5/17.05.20 6/17.05.20 | 610000 | 610000 | UC ലഭിച്ചില്ല |
| GWD | കുഴൽകിണർ സ്ഥാപിക്കൽ 119/21 | ബിൽ നം. 30/16.11.20 | 690000 | 690000 | 0 |
| GWD | മാങ്കുളം കുടിവെള്ള പദ്ധതി 160/21 | 45/27.02.21 | 690000 | 690000 | UC ലഭിച്ചില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 16,00,000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | 1600000 | 24441764 | 2180430 | | 23861334 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 129060/- രൂപയുടെ വിശദാംശങ്ങൾ താഴെ കുടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2018/19 | 3-1 | 129060 | KALAKAILAS, WELFAB, KANDALLOOR | 120010101369 DTD 21/10/2020 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2(7) | 2007-08 | 03.01.2017 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായി ആവിഷ്കരിച്ച കമ്പ്യൂട്ടർ സെന്റർ പദ്ധതി | 25.02.2022 ൽ മറുപടി നൽകി. |
| 2004-05 | 2(9) | 2007-08 | 03.01.2018 | ക്വട്ടേഷൻ അംഗീകരിച്ച വ്യക്തിക്കല്ല കോഴികുഞ്ഞുങ്ങളുടെ സപ്ലൈ ഓർഡർ നൽകിയത്. | 25.02.2022 ൽ മറുപടി നൽകി. |
| 2004-05 | 2(14) | 2007-08 | 03.01.2019 | അടിസ്ഥാന സൌകര്യങ്ങൾ, ബാങ്ക് വായ്പ ഉറപ്പുവരുത്താതെ ആടുകളെ വാങ്ങി നൽകി | 25.02.2022 ൽ മറുപടി നൽകി. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീറ്റ് ആൻഡ് പേയ്മെന്റ് പത്രിക പ്രകാരം) | : | 6,82,89,213 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് ആൻഡ് പേയ്മെന്റ് പത്രിക പ്രകാരം) | : | 6,75,63,903 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 20145 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2765627 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 20145 | ശ്രീമതി.ഗീത.എസ്, ഡയറി ഫാം ഇൻസ്പെക്ടർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 58255 | ശ്രീ.ആർ.ശ്രീരാജ്, സെക്രട്ടറി |
| 1-18 | 294715 | ശ്രീമതി.വസന്തകുമാരി, ഗവ.എൽ.പി.എസ്, |
| 1-19 | 268675 | ശ്രീമതി.ഡോ.മാധുരി.ജി, വെറ്ററിനറി സർജൻ |

| | | |
|---|---|---|
| 1-20 | 1300000 | ശ്രീ.ആർ.ശ്രീരാജ്, സെക്രട്ടറി |
| 1-21 | 100000 | ഡോ.നമിത.എസ്, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-23(1) | 199000 | |
| 1-23(2) | 544982 | ഡോ.മാളു.എസ്, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| ആകെ | 2765627 | |
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീ.ആർ.ശ്രീരാജ്, സെക്രട്ടറി | സെക്രട്ടറി,<br>കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | മാണിയൻപ്പള്ളിൽ ഹൗസ്,<br>മരുതൂർകുളങ്ങര സൗത്ത്,<br>ആലുംകടവ് പി.ഓ.,കരുനാഗപ്പള്ളി |
| ശ്രീമതി.വസന്തകുമാരി,<br>ഗവ.എൽ.പി.എസ്, | ഗവ.എൽ.പി.എസ്,<br>കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | പാർവ്വതിഭവനം,<br>പുതിയവിള വടക്ക്, കരീലക്കുളങ്ങര<br>പി.ഓ. |
| ശ്രീമതി.ഡോ.മാധുരി.ജി.<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | ശാന്തി നിലയം,<br>പ്രയാർ നോർത്ത് പി.ഓ., ഓച്ചിറ |
| ഡോ.നമിത.എസ്.<br>മെഡിക്കൽ<br>ഓഫീസർ(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)<br>കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | എഫ്.എഫ്930, പി.ടി.ചാക്കോനഗർ,<br>മെഡിക്കൽ കോളേജ് |
| ഡോ.മാളു.എസ്.<br>മെഡിക്കൽ<br>ഓഫീസർ(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | വൈഷ്ണവം,കല്ലുമല, മാവേലിക്കര |
| ശ്രീമതി.ഗീത.എസ്. ഡയറിഫാം<br>ഇൻസ്പെക്ടർ | ഡയറിഫാം ഇൻസ്പെക്ടർ,<br>കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | കണ്ണമ്പള്ളിൽ മറ്റം തെക്ക്,<br>തട്ടാരമ്പലം. പി.ഓ., മാവേലിക്കര |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2000-01 | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 1999-00 (ചെലവ്) | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2000-01 മുതൽ<br>2004-05 വരെ | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2006-07 മുതൽ<br>2009-10 വരെ | എൽ.എഫ്.ജി.എ 5-1577/12/16.05.2014 |

| | |
|---|---|
| 2010-11മുതൽ<br>2012-13 വരെ | എൽ.എഫ്.പി 4-163/14/29.03.2014 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി4-695/16/27.6.1206 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി4- 124/16/17.11.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി4- 747/2017/20.06.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി12-371/2019 തീയതി, 07.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി12-184/2020 തീയതി - 16.06.2020 |
| 2019-2020 | കെ.എസ്.എ-എ.എൽ.പി/പി12-529/2021 തീയതി, 30.06.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്